# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **445**

29.06.2015- ലെ മറുപടിക്ക്

### സഹകരണ ബാങ്കുകളിലെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ആദായനികുതിവകുപ്പ് സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എത്ര തുകയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങളെക്കുറിച്ചാണ് വിവരങ്ങൾ നൽകേണ്ടത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് 6 പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പേര്, മേൽവിലാസം , നിക്ഷേപ തുക എന്നിവ അറിയിക്കാൻ ഇംകം ടാക്സ് വകുപ്പ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം സേവിംഗ്സ് നിക്ഷേപത്തിൽ ആകെ 5 ലക്ഷം രൂപയുടെ നിക്ഷേപവും , പലിശയിനത്തിൽ ഒരു വർഷം 10,000 രൂപയോ അതിലധികമോ നൽകിയിട്ടുള്ള സ്ഥിര നിക്ഷേപവും ഉൾപ്പെടെയുള്ള നിക്ഷേപങ്ങളുടെ വിവരങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |
| ബി) വാണിജ്യ ബാങ്കുകൾ 10 ലക്ഷം രൂപയ്ക്ക് മുകളിൽ നിക്ഷേപം ഉള്ളവരുടെ വിവരങ്ങൾ മാത്രം നൽകിയാൽ മതിയെന്നിരിക്കെ, സഹകരണ ബാങ്കുകളെ തകർക്കുന്നതാണ് ആദായ നികുതി വകുപ്പിന്റെ ഈ നീക്കം എന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ആദായ നികുതി വകുപ്പിന്റെ ഈ നീക്കം നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുമെന്നും സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ദോഷകരമാകുമെന്നുമുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സി) ഉണ്ടെങ്കിൽ സഹകരണ ബാങ്കുകളെ സംരക്ഷിക്കുന്നതിന് കേന്ദ്ര ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

(സി) ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്. എൽ.പി 3976/10) തീർപ്പാക്കി ബഹുമാനപ്പെട്ട സുപ്രീം കോടതി 27.08.2013 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവെച്ചിട്ടുണ്ട്.

ആദായനികുതി നിയമം കേന്ദ്ര നിയമമാകയാലും, കേന്ദ്ര സർക്കാരിന്റെ ആദായ നികുതി വകുപ്പിന്റെ നടപടികളായായതിനാലും ഈ വിഷയം സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര ധനകാര്യ വകുപ്പ മന്ത്രിക്കും പ്രധാനമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതിനായി സംസ്ഥാനത്തു നിന്നുള്ള എം.പിമാരുടെ സമ്മേളനത്തിലും ഉന്നയിക്കുകയുണ്ടായി. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**